## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2536** **17.06.2019-ൽ മറുപടിയ്ക്ക്**

## പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായുള്ള സംസ്ഥാനപദ്ധതി

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ. പി. ഉണ്ണി** | | **എ. കെ. ബാലൻ**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ തൊഴിലും വരുമാനവും ഉറപ്പുവരുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ പട്ടികജാതിക്കാർക്ക് സ്വദേശത്തും വിദേശത്തും തൊഴിൽ ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ട് വിവിധ തൊഴിലധിഷ്ഠിത പരിശീലന പദ്ധതികൾ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. വകുപ്പ് നടപ്പിലാക്കുന്ന വിവിധ തൊഴിൽദായക പരിശീലന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1) അഭ്യസ്ഥവിദ്യരും തൊഴിൽരഹിതരുമായ പട്ടികജാതി യുവജനങ്ങൾക്ക് കമ്പ്യൂട്ടറധിഷ്ഠിത തൊഴിൽ ലഭിക്കുന്നതിനായി വിവിധ കോഴ്സുകൾ കെൽട്രോൺ, സി-ഡിറ്റ്, സൈബർശ്രീ എന്നീ സ്ഥാപനങ്ങൾ മുഖേന നടത്തി വരുന്നു.<br>2) പട്ടികജാതി യുവതീയുവാക്കൾക്ക് ഹൗസ് കീപ്പിംഗ്/ഫുഡ് ആന്റ് ബിവറേജസ് സർവ്വീസസ് പരിശീലനം, ഓട്ടോ മൊബൈൽ എൻജിനീയറിംഗ് മേഖലയിൽ തൊഴിൽ ലഭ്യമാകുന്ന ഓട്ടോ ഡയഗണോസിസ് ആന്റ് റിപ്പയർ പരിശീലനം, ടിൻകറിംഗ് ആന്റ് പെയിൻറിംഗ് പരിശീലനം, സെയിൽസ് എക്സിക്യൂട്ടീവ് പരിശീലനം, സോളാർ പാനൽ ടെക്നീഷ്യൻ, എയർ കണ്ടഷൻ ടെക്നീഷ്യൻ, കമ്പ്യൂട്ടിംഗ് ആന്റ് പെരിഫെറൽസ് ടെക്നീഷ്യൻ, സിസിടിവി ടെക്നീഷ്യൻ എന്നീ പരിശീലന പദ്ധതികൾ വിവിധ ഏജൻസികൾ മുഖേന തൊഴിൽ ലഭ്യത ഉറപ്പ് വരുത്തി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളാണ്.<br>3) പട്ടികജാതിക്കാർക്ക് വിദേശത്ത് Oil & Rig മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്ന fabricator/fitter, Industrial electrician കോഴ്സുകൾ, ഹോട്ടൽ മാനേജ്മെൻറ് മേഖലയിൽ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് പരിശീലനം, നഴ്സിംഗ് |

| | | | |
|---|---|---|---|
| | | | മേഖലയിൽ വിദേശത്തുൾപ്പെടെ തൊഴിൽസാധ്യതയുള്ള NEP/FNEP/IELTS പരിശീലനം എന്നിവയും വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കി വിദേശത്ത് പ്ലേയ്സ്മെന്റ് ലഭ്യമാക്കി വരുന്നു.<br>4) പട്ടികജാതി യുവതീയുവാക്കൾക്ക് മ്യൂറൽ പെയിൻറിംഗ് ആന്റ് ഗ്ലാസ്ആർട്ട് പരിശീലനം, ആയൂർവ്വേദ നഴ്സിംഗ്, ഹോം നഴ്സിംഗ് പരിശീലനം, പഞ്ചകർമ്മയിൽ ഡിപ്ലോമ, ആയൂർവേദ ഫാർമസി ഡിപ്ലോമ, ഗ്രാഫിക് ആന്റ് വെബ് ഡിസൈനിംഗ് കോഴ്സ്, ബാങ്കിംഗ് & ഫിനാൻഷ്യൽ സർവ്വീസ് കോഴ്സ്, പട്ടികജാതി വനിതകൾക്ക് വനിതാ സെക്യൂരിറ്റി പരിശീലനം എന്നീ തൊഴിലധിഷ്ഠിത പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നു<br>5) ജുഡിഷ്യറി സർവ്വീസിൽ പട്ടികജാതിക്കാരുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിന് ഗവ. ലോ കോളേജ് മുഖേന മുൻസിഫ് മജിസ്ട്രേറ്റ് പ്രവേശന പരീക്ഷയിൽ പരിശീലന പദ്ധതി നടത്തി വരുന്നു.<br>6) നഴ്സിംഗ് പഠനം പൂർത്തിയാക്കിയ പട്ടികജാതി യുവതീയുവാക്കൾക്ക് കരാർ അടിസ്ഥാനത്തിൽ 15000/-രൂപ പ്രതിമാസം ഓണറേറിയവും, 1500/-രൂപ യൂണിഫോം അലവൻസും നൽകി താലൂക്ക്/ജില്ലാ ജനറൽ ആശുപത്രികളിൽ പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br>7) വകുപ്പിന് കീഴിലുള്ള ഐ.റ്റി.ഐ.കളിൽ നിന്നും പഠിച്ചിറങ്ങുന്ന കുട്ടികൾക്ക് തൊഴിൽ മേളകൾ സംഘടിപ്പിച്ച് പ്ലെയിസ്മെന്റ് ലഭ്യമാക്കി വരുന്നു.<br><br>**<u>തൊഴിലുറപ്പ് പദ്ധതിയിൽ കേരള ട്രൈബൽ പ്ലസ് പദ്ധതിയും റിവോൾവിംഗ് ഫണ്ട് പദ്ധതിയും</u>**<br>1) പട്ടികവർഗക്കാർക്ക് നിലവിൽ അനുവദിച്ച് വരുന്ന തൊഴിൽ ദിനങ്ങൾക്ക് പുറമെ നൂറ് ദിവസത്തെ അധിക തൊഴിൽ ദിനങ്ങൾ കൂടി സൃഷ്ടിച്ച് പട്ടികവർഗക്കാർക്ക് 200 തൊഴിൽ ദിനങ്ങൾ അനുവദിച്ചിട്ടുണ്ട്. മഹാത്മഗാന്ധി തൊഴിലുറപ്പ് സ്റ്റേറ്റ് മിഷൻ വഴിയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. 2017-18 വർഷത്തിൽ 30,05,299 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. 2018-19 വർഷത്തിൽ 54,19,122 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. കേരള ട്രൈബൽ പ്ലസ് പദ്ധതി പ്രകാരം 23096 കുടുംബങ്ങൾക്ക് 100 ദിവസത്തിന് മുകളിൽ തൊഴിൽ ലഭിച്ചു. |

2) മഹാത്മഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കേന്ദ്ര ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിൽ പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻകൂർ വേതനം നൽകുന്നതിന് പട്ടികവർഗ വികസന വകുപ്പ് 11.13 കോടി രൂപയിൽ അട്ടപ്പാടിയിലേക്ക് 6 കോടി രൂപയും വയനാട്ടിലേക്ക് 5.13 കോടി രൂപയു കുടുംബശ്രീ മുഖേന നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി അട്ടപ്പാടിയിലെ അഗളി, ഷോളയൂർ, പുതൂർ പഞ്ചായത്തുകളിൽ കുടുംബശ്രീ ഊരുസമിതി വഴിയും വയനാട്ടിലെ പനമരം, മുട്ടിൽ, പുൽപ്പള്ളി ഗ്രാമപ്പഞ്ചായത്തുകളിൽ കുടുംബശ്രീ, എ.ഡി.എസ്. മുഖേനയുമാണ് നടപ്പിലാക്കുന്നത്.

**<u>വകുപ്പിന്റെ കീഴിൽ താത്കാലിക നിയമനം:-</u>**

വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ പട്ടികവർഗ്ഗക്കാർക്ക് ചുവടെ പറയും പ്രകാരം തൊഴിൽ ലഭ്യമാക്കി സാമ്പത്തിക നേട്ടം കൈവരിക്കുന്നതിന് സഹായിച്ചു.

| **പദ്ധതികൾ** | **തൊഴിൽ ലഭിച്ചവരുടെ എണ്ണം** |
|---|---|
| ഗോത്രബന്ധു-മെൻറർ ടീച്ചർ | 267 |
| സാമൂഹ്യ പഠനമുറി-ട്യൂട്ടർ | 100 |
| എസ്.ടി പ്രൊമോട്ടർ | 1182 |
| മാനേജ്മെൻറ് ട്രെയിനി | 140 |
| കമ്മിറ്റഡ് സോഷ്യൽ വർക്കർ | 31 |
| പ്രേരക്മാർ | 100 |
| ഇൻസ്ട്രക്ടർമാർ (സാക്ഷരത) | 700 |
| കുടുംബശ്രീ അനിമേറ്റർ | 200 |
| മില്ലെറ്റ് വില്ലേജ് (പ്രോജക്ടിന്റെ ഭാഗമായി) | 9 |
| **ആകെ** | **2603** |

<table>
<tr>
<td>(ബി)</td>
<td>പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായുള്ള സംസ്ഥാനപദ്ധതിയിൽ ഉൾപ്പെടുത്തി എത്ര കുടുംബങ്ങൾക്ക് പാർപ്പിടം നിർമ്മിക്കുന്നതിനായി ഫണ്ട് അനുവദിച്ചു എന്ന് വ്യക്തമാക്കുമോ; 01.07.2016 മുതൽ 31.03.2019 വരെയുള്ള കണക്ക് വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ?</td>
<td>(ബി)</td>
<td>വകുപ്പ് നടപ്പാക്കുന്ന ഭവനനിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 2016-17 വർഷം 14906 വീടുകൾ അനുവദിച്ചു. 2017-18 വർഷം 8895 വീടുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 2018-19 വർഷം പ്രളയത്തിൽ തകർന്ന 245 പട്ടികജാതി കുടുംബങ്ങളുടെ വീട് പുനർനിർമ്മിക്കുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. 01/07/2016 മുതൽ 31/03/2019 വരെയുള്ള കണക്ക് വാർഷികാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.<br>
<table>
<tr><th>വർഷം</th><th>അനുവദിച്ച വീടുകൾ</th><th>പൂർത്തീകരിച്ച വീടുകൾ</th></tr>
<tr><td>2016-17</td><td>14906</td><td>11181</td></tr>
<tr><td>2017-18</td><td>8895</td><td>5664</td></tr>
<tr><td>2018-19</td><td>245</td><td>4</td></tr>
</table>
ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി 6709 കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് തുക അനുവദിച്ചിട്ടുണ്ട്.</td>
</tr>
</table>

**സെക്ഷൻ ഓഫീസർ**